**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2268** **03-03-2025 - ൽ മറുപടിയ്ക്ക്**

**'ഇനി ഞാനൊഴുകട്ടെ' പദ്ധതിയുടെ മൂന്നാംഘട്ട പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജലസംരക്ഷണം, ജലസുരക്ഷ എന്നീ മേഖലകളിൽ നേട്ടം കൈവരിച്ച ജനകീയ ക്യാമ്പയിനായ ''ഇനി ഞാനൊഴുകട്ടെ'' പദ്ധതിയുടെ മൂന്നാം ഘട്ട പ്രവർത്തനം വിശദമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏത് ഏജൻസിക്കാണ് ചുമതല നൽകിയിരിക്കുന്നതെന്ന് വിശദമാക്കുമോ? | (എ) | സംസ്ഥാനത്തെ നീർച്ചാലുകൾ ജനകീയമായി വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 2017 മുതൽ ആരംഭിച്ചിരുന്നു. തുടർന്ന് 'ഇനി ഞാനൊഴുകട്ടെ' എന്ന പേരിൽ നീർച്ചാൽ വീണ്ടെടുക്കലിന് ഒരു ക്യാമ്പയിൻ 2019 ഡിസംബറിൽ ആരംഭിച്ചു . അതിന്റെ ഭാഗമായി 2017 മുതൽ 2021 മാർച്ച് വരെ 45736 കി.മീ നീളത്തിലും 2021 ഏപ്രിൽ മുതൽ 2025 ജനുവരി വരെ 40208 കി.മീ നീളത്തിലും നീർച്ചാൽ പുനരുജ്ജീവിക്കപ്പെട്ടിട്ടുണ്ട്. 26.07.2024 ന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 2025 മാർച്ച് 30 ന് സംസ്ഥാനത്തെ പൂർണമായും മാലിന്യമുക്തമായി പ്രഖ്യാപിക്കുവാൻ വേണ്ടി 'മാലിന്യമുക്തം നവകേരളം' ജനകീയ ക്യാമ്പയിൻ നടത്തുന്നതിന് തീരുമാനിച്ചിരുന്നു.<br><br>03.10.2024 ലെ സർക്കാർ ഉത്തരവ് (സാധാ) നം.1844/2024/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ഈ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തി വരുന്ന 'ഇനി ഞാനൊഴുകട്ടെ' ക്യാമ്പയിന്റെ മൂന്നാംഘട്ടമെന്ന നിലയിൽ 2024 ഡിസംബർ മുതൽ 2025 മാർച്ച് 21 വരെ നീണ്ടുനിൽക്കുന്ന നീർച്ചാലുകളുടെ ജനകീയമായ വീണ്ടെടുപ്പിനുള്ള ക്യാമ്പയിൻ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം 15.12.2024 ന് പാലക്കാട് തൃത്താല കണ്ണന്നൂർതോട് പരിസരത്ത് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി നിർവഹിച്ചു. ഇതിനെ തുടർന്ന് ഈ ക്യാമ്പയിന്റെ ഭാഗമായുള്ള നീർച്ചാൽ വീണ്ടെടുക്കൽ പ്രവർത്തനം സംസ്ഥാനത്താകെ ആരംഭിച്ചിട്ടുണ്ട്. ഈ ക്യാമ്പയിനിൽ 2024 ഡിസംബർ, |

| | | | |
|---|---|---|---|
| | | | 2025 ജനുവരി മാസങ്ങളിലായി സംസ്ഥാനത്തെ 4095 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയമായി നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന , സമസ്ത വിഭാഗം ജനങ്ങളുടേയും പങ്കാളിത്തമുറപ്പാക്കി നടത്താൻ ഉദ്ദേശിക്കുന്ന ഈ ക്യാമ്പയിന്റെ ഭാഗമായി വിപുലമായ ജനകീയ കൺവെൻഷനുകൾ വിവിധ തലങ്ങളിൽ സംഘടിപ്പിച്ച്, പ്രവർത്തന ഏകോപനത്തിനായി സംഘാടക സമിതികൾ രൂപീകരിച്ച് പ്രവർത്തനം നടത്താനാണ് തീരുമാനിക്കപ്പെട്ടിട്ടുള്ളത്. ഇതിനായി സമൂഹത്തിലെ മുഴുവൻ വിഭാഗം ജനങ്ങളുടേയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്ന തരത്തിൽ വിവിധ യോഗങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനതലം മുതൽ നടന്നുവരുന്നു. ഓരോ ചെറുപ്രദേശത്തും നടത്തുന്ന ജനകീയ ശുചീകരണത്തെ തുടർന്ന് ഏകദിന മെഗാ ശുചീകരണം നടത്തുകയെന്ന രീതിയാണ് അനുവർത്തിക്കുന്നത്. ഇത്തരത്തിൽ ശുചിയാക്കിയ നീർച്ചാലുകളിൽ വീണ്ടും മാലിന്യമെത്താതിരിക്കാനുള്ള ബദൽ മാർഗ്ഗങ്ങൾ എം.ജി.എൻ.ആർ.ഇ.ജി.എസ്. ഉൾപ്പെടെയുള്ള വിവിധ ഏജൻസികളുടേയും ബന്ധപ്പെട്ട വകുപ്പുകളുടേയും ഏകോപനത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുക്കുന്നതിനു വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ